

# അനുഭവങ്ങളുടെ തീച്ചൂളയിലൂടെ...

ജോയ് വർഗീസ്

അനാഥത്വത്തിൻെറ നൊമ്പരവും ദാരിദ്ര്യത്തിൻെറ കയ്പും നിറഞ്ഞ ബാല്യം. പോരാട്ടത്തിൻെറ വീര്യം തുളുമ്പിയ യുവത്വം. അന്യാദൃശമായ ആത്മസമർപ്പണം. യാതനാപൂർണ്ണമായ അനുഭവങ്ങളിൽ സ്ഫുടം ചെയ്തെടുത്ത ജീവിതമായതിനാലായിരിക്കാം വി.എസ്. അച്യുതാനന്ദന് പരുക്കനും കടുംപിടുത്തക്കാരനും വിട്ടുവീഴ്ചയില്ലാത്തവനുമെന്ന പരിവേഷം ഉണ്ടായത്.

പുന്നപ്ര പറവൂർ വെന്തലത്തറ വീട്ടിൽ ശങ്കരൻെറയും അക്കമ്മ എന്ന് വിളിക്കുന്ന കാർത്ത്യായനിയുടെയും മകനായി 1923 ഒക്ടോബർ 20ന് അനിഴം നക്ഷത്രത്തിലായിരുന്നു ജനനം (വെന്തലത്തറയാണ് കുടുംബപ്പേരെങ്കിലും അച്യുതാനന്ദൻ പിന്നീട് വെച്ച വീടിൻെറ പേര് അറിയപ്പെടുന്നത് വേലിക്കകത്ത് എന്നാണ്). അച്ഛൻ ശങ്കരൻ പ്രമാണിയായിരുന്നു. ആരേയും കൂസാത്ത പ്രകൃതം. ആറടി പൊക്കവും വിരിഞ്ഞ നെഞ്ചുമുള്ള കരുത്തൻ. 'പ്രധാനി' എന്നാണ് നാട്ടുകാർ കല്പിച്ച് നൽകിയ പേര്. അച്ഛൻെറ പ്രകൃതം ബാല്യത്തിലേ സ്വാധീനിച്ചിട്ടുണ്ടെന്ന് വി.എസ്. തന്നെ പറഞ്ഞിട്ടുണ്ട്.

അയിത്തം നടമാടിയിരുന്ന കാലമായിരുന്നു. ചെറുപ്പത്തിലേ അവർണ്ണനോടുള്ള നിന്ദ വി.എസ്. അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ജാതിപ്പേര് വിളിച്ച് കളിയാക്കിയപ്പോൾ വിളിച്ചയാളുടെ കരണം പുകച്ച അച്ഛൻെറ മകനാണ് വി.എസ്. വീട്ടിൽ നിന്ന് മൂന്നുകിലോമീറ്റർ അകലെ കളർകോട് സ്കൂളിലായിരുന്നു പ്രാഥമിക പഠനം. സവർണ്ണ മേഖലയായിരുന്നു കളർകോട്. സ്കൂളിലേക്ക് നടന്നുപോകുമ്പോൾ ഒരിക്കൽ വഴിയി ൽ വെച്ച് സവർണ്ണരായ കുട്ടികൾ ബാലനായ അച്യുതാനന്ദനെ വഴിക്കുവെച്ച് ജാതിപ്പേര് വിളിച്ച് കളിയാക്കി. അടിച്ചോടിച്ചു. വിവരം അച്ഛനോടു പറഞ്ഞു. അച്ഛൻ ഒരു അരഞ്ഞാണം ഉണ്ടാക്കിക്കൊടുത്തു. സാധാരണയിലധികം വീതിയും പിടിച്ചുവീശാൻ പിടിയുമുള്ള ഒരരഞ്ഞാണം. ഇനി ആരെങ്കിലും തടഞ്ഞാൽ അരഞ്ഞാണം ഊരി മുഖമടച്ച് അടിക്കാനായിരുന്നു അച്ഛൻെറ ഉപദേശം. പിന്നീടൊരു ദിവസം സവർണ്ണകുട്ടികൾ വഴി തടഞ്ഞപ്പോൾ അരഞ്ഞാണം വീശി. കണക്കിന് അടികിട്ടിയ അവർ തിരിഞ്ഞോടി. പിന്നെയാരും തടയാൻ വന്നിട്ടില്ല. പ്രതിരോധത്തിൻെറ ആദ്യത്തെ പ്രായോഗിക പാഠമായിരുന്നു അത്.

നാലര വയസ്സുള്ളപ്പോഴാണ് അമ്മയുടെ മരണം. ഇപ്പോഴും വി.എസ്സിൻെറ മനസ്സിൽ അമ്മയുടെ ഒരു രേഖാചിത്രമുണ്ട്. ഓലക്കീറുകൾക്കിടയിലൂടെ നോക്കി കൈമാടി വിളിക്കുന്ന അമ്മ. വസൂരി ബാധിച്ചായിരുന്നു അമ്മയുടെ മരണം. അന്ന് വസൂരി മഹാവ്യാധിയാണ്. രോഗം വന്നാൽ ഒറ്റപ്പെട്ട എവിടെയെങ്കിലും രോഗിയെ പാർപ്പിക്കും. മരണം ഉറപ്പ്. അത്തരത്തിൽ ഓലക്കീറുകൊണ്ട് കെട്ടിയ ഒരു സങ്കേതത്തിലായിരുന്നു അമ്മ. സഹോദരങ്ങളുമൊത്ത് ഈ സങ്കേതത്തിന് ദൂരെ നിന്ന് അമ്മയെ

കാണാൻ പോയതാണ്. അന്ന് രാത്രി അമ്മ മരിച്ചു. പിന്നെ എല്ലാം അച്ഛനായിരുന്നു. വി.എസ്സിന് പതിനൊന്ന് വയസ്സുള്ളപ്പോഴാണ് അച്ഛന്റെ മരണം. പിന്നീട് ജ്യേഷ്ഠൻ ഗംഗാധരന്റെ സംരക്ഷണയിലായി. അച്ഛൻ നടത്തിവന്നിരുന്ന കൊച്ചു ജൗളിക്കടയുടെ നടത്തിപ്പ് ജ്യേഷ്ഠൻ ഏറ്റെടുത്തു. ഇക്കാലത്ത് ഏഴാം ക്ലാസിൽ അച്യുതാനന്ദന്റെ പഠിപ്പ് നിന്നു. ജൗളിക്കടയിൽ വലിയ വരുമാനം ഉണ്ടായിരുന്നില്ല. എന്തുകൊണ്ടാണ് പഠിപ്പ് നിർത്തിയതെന്ന് ഒരിക്കൽ ചോദിച്ചപ്പോൾ വി.എസ്.പറഞ്ഞു: ''എടോ അന്ന് സ്കൂളിൽ ഉച്ചക്കഞ്ഞിയൊന്നുമില്ല. പഠിക്കാൻ പുസ്തകങ്ങൾ വേണം. ഇതിനൊന്നും വകയില്ല''- ചുരുക്കത്തിൽ പറഞ്ഞാൽ ദാരിദ്ര്യം.

പഠിപ്പ് നിർത്തിയപ്പോൾ ജൗളിക്കടയിൽ ജ്യേഷ്ഠന്റെ സഹായിയായി. തുന്നലും പഠിച്ചു. കടയിൽ തുണിമുറിച്ചു കൊടുത്തും ഉടുപ്പ് തുന്നിയും ഒരിടക്കാലം. ഇക്കാലത്താണ് രാഷ്ട്രീയത്തിന്റെ വിത്തുകൾ മനസ്സിൽ മുളപൊട്ടുന്നത്. ജന്മിത്തത്തിന്റെയും നാടുവാഴിത്തത്തിന്റെയും കാലം. സ്വാതന്ത്ര്യസമരത്തിന്റെ അലയൊലി ഉയരുന്ന കാലം. വൈകുന്നേരമായാൽ ജൗളിക്കടയിൽ നാട്ടിലെ പൊതുകാര്യ പ്രസക്തർ വരും. പിന്നെ ചർച്ചയാണ്. സ്വാതന്ത്ര്യ സമരവും നാടുവാഴിത്തവുമൊക്കെയാണ് ചർച്ച. പോരാട്ടത്തിന്റെ ആവശ്യകതയിലൂന്നിയാണ് ചർച്ച. ഇതൊക്കെ ശ്രദ്ധിച്ചുകേട്ടിരുന്ന അച്യുതാനന്ദൻ ഒരു തീരുമാനമെടുത്തു. പോരാട്ടത്തിൽ തനിക്കും പങ്കാളിയാവണം. വിപ്ലവത്തിന്റെ വഴിയിലേക്ക് തിരിഞ്ഞു. 17-ാം വയസ്സിൽ 1940-ൽ വി.എസ്. കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി.

ഇതിനിടയിൽ ഒരു തൊഴിൽകിട്ടി. ആസ്പിൻവാൾ കയർ ഫാക്ടറിയിൽ . കയർ തടുക്ക് തുന്നലായിരുന്നു പണി. കയർ ഫാക്ടറികളിൽ അന്ന് അടിമപ്പണിയായിരുന്നു. തുച്ഛമായ കൂലി, കൊടിയ പീഡനം, ചൂഷണം. ഒരു തൊഴിലാളിയായി മാറിയപ്പോഴാണ് തൊഴിലാളിയുടെ ശാപഗ്രസ്തമായ ജീവിതം വി.എസ്. അറിയുന്നത്. തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ സജീവ പ്രവർത്തകനായി തൊഴിലാളികളെ സംഘടിപ്പിക്കാനിറങ്ങി.



കയർ ഫാക്ടറിയിലെ പണികഴിഞ്ഞാൽ രാത്രി പാർട്ടി സ്റ്റഡിക്ലാസ്സിലാണ്. കമ്യൂണിസ്റ്റ് ആചാര്യന്മാരായ പി.കൃഷ്ണപിള്ളയും ആർ.സുഗതനും സി. ഉണ്ണിരാജയുമൊക്കെയാണ് ക്ലാസ്സെടുക്കുക. പറവൂർ തൂക്കുകുളത്തിന് സമീപമുള്ള വായനശാലയിലെ സ്റ്റഡിക്ലാസ്സിലും നിശാപാഠശാലയിലും മുടങ്ങാതെ പങ്കെടുക്കുന്ന അച്യുതാനന്ദനിൽ കൃഷ്ണപിള്ളയുടെ കണ്ണുടക്കി. പറയുന്നത് സശ്രദ്ധം കേൾക്കുന്നു. സംശയങ്ങൾ ചോദിച്ച് ഉത്തരം വാങ്ങുന്നു. ''ഇതൊരു തീപ്പൊരിയാണ്. തീ പടർത്താൻ ഇതിന് കഴിയും''- കൃഷ്ണപിള്ള അച്യുതാനന്ദനെപ്പറ്റി പറഞ്ഞ കമന്റ്. നാല്പതുകളുടെ തുടക്കത്തിൽ കൃഷ്ണപിള്ള അച്യുതാനന്ദനോട് പറഞ്ഞു: ''സഖാവിന്റെ ദൗത്യം കുട്ടനാട്ടിലാണ്. എത്രയും വേഗം കുട്ടനാട്ടിലേക്ക് വിട്ടോളൂ.''

കുട്ടനാട്ടിൽ ജന്മിത്തത്തിന്റെ കാലം. കർഷകത്തൊഴിലാളികളായ കുടിയാന്മാരെ ജന്മിമാർ ചൂഷണം ചെയ്യുന്നു. വർഗബോധം കുത്തിവെച്ച് തൊഴിലാളികളെ സജ്ജരാക്കി ആദ്യസമരത്തിന് കാഹളമൂതി വി.എസ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന ശ്രീമൂലം കായൽ സമരം കുട്ടനാടൻ കാർഷികമേഖലയിൽ ചലനമുണ്ടാക്കി.

സമരം വിജയിച്ചതോടെ വിവിധ പ്രദേശങ്ങളിൽ നിന്ന് തൊഴിലാളികൾ യുവനേതാവിനെ അന്വേഷിച്ചു വരാൻ തുടങ്ങി. എല്ലാവർക്കും അവരവരുടെ പ്രദേശങ്ങളിൽ യൂണിയനുകൾ ഉണ്ടാക്കണം. തൊഴിലാളി-പിന്നാക്ക വർഗക്കാരിൽ ഉണർവുണ്ടാക്കിയ ശ്രീമൂലം കായൽ സമരത്തിനു ശേഷമാണ്

കര്‍ഷക തൊഴിലാളി പ്രസ്ഥാനം ശക്തിപ്രാപിച്ചത്. ഈ വേളയിലാണ് പുന്നപ്ര വയലാര്‍ സമരം. അച്യുതാനന്ദന്‍ ഈ സമരരംഗത്തും എത്തി. സമരം കഴിഞ്ഞ് '50 കളുടെ തുടക്കത്തില്‍ അച്യുതാനന്ദന്‍ ആലപ്പുഴ ജില്ലയിലെ കമ്മ്യൂണിസ്റ്റ് നേതൃനിരയില്‍ എത്തിക്കഴിഞ്ഞിരുന്നു. 1952 ല്‍ പാര്‍ട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയായി. പിന്നീട് സംസ്ഥാന കമ്മറ്റിയംഗം, സംസ്ഥാന സെക്രട്ടേറിയറ്റംഗം, കേന്ദ്രകമ്മിറ്റിയംഗം, സംസ്ഥാന സെക്രട്ടറി, പൊളിറ്റ് ബ്യൂറോ അംഗം എന്നീ നിലകളില്‍ വളര്‍ച്ചയുടെ പടവുകള്‍ കയറി.

## മുഖ്യമന്ത്രിപദത്തിലെത്തുന്ന തൊഴിലാളി

**അ**ധ്വാനിക്കുന്ന തൊഴിലാളിവര്‍ഗത്തില്‍ നിന്ന് ഇതാ കേരളത്തിന് ആദ്യത്തെ മുഖ്യമന്ത്രി. 1940കളുടെ തുടക്കത്തില്‍ ആലപ്പുഴ ആസ്പിന്‍വാള്‍ കയര്‍ ഫാക്ടറിയിലെ തൊഴിലാളിയായിരുന്നു വി.എസ്.അച്യുതാനന്ദന്‍.

1948 ലെ കമ്യൂണിസ്റ്റ് പാര്‍ട്ടിയുടെ കല്‍ക്കത്താ കോണ്‍ഗ്രസ്സിനുശേഷം പാര്‍ട്ടിയില്‍ പ്രചരിച്ച ഒരു സിദ്ധാന്തം ഇപ്പോള്‍ പൂര്‍ണ അര്‍ഥത്തില്‍ യാഥാര്‍ഥ്യമാവുകയാണ്. ഇന്ത്യന്‍ കമ്യൂണിസ്റ്റ് പാര്‍ട്ടി സൈദ്ധാന്തികമായി ഒരു തൊഴിലാളി പാര്‍ട്ടിയാണെങ്കിലും പാര്‍ട്ടിയുടെ ഉള്ളടക്കത്തില്‍ തൊഴിലാളി വര്‍ഗത്തിന് വേണ്ടത്ര പ്രാതിനിധ്യമില്ലെന്ന ഒരു ധാരണ അന്ന് പരന്നിരുന്നു. കൂടാതെ, നേതൃത്വത്തില്‍ വിരാജിക്കുന്ന പെറ്റി ബൂര്‍ഷ്വാ ബുദ്ധിജീവികളുടെ അതിപ്രസരം നിമിത്തം പാര്‍ട്ടിയുടെ ഗുണനിലവാരത്തിനുപോലും ദോഷം തട്ടുന്നുവെന്ന അഭിപ്രായവും അന്ന് ഉയര്‍ന്നിരുന്നു. തൊഴിലാളി വര്‍ഗത്തില്‍ ജനിച്ച പാര്‍ട്ടിഅംഗങ്ങളെ അതിവേഗം വളര്‍ത്തിയെടുത്ത് നേതൃത്വത്തില്‍ പ്രതിഷ്ഠിക്കണമെന്നതായിരുന്നു പുതിയ സിദ്ധാന്തത്തിന്റെ കാതല്‍. കല്‍ക്കത്താ തീസിസിന്റെ തുടര്‍ച്ചയായി കമ്യൂണിസ്റ്റ് പാര്‍ട്ടി ദേശവ്യാപകമായി നടത്തിയ സായുധ സമരപരീക്ഷണത്തിലാണ്



...പ്ര വയലാര്‍ സമരം ഇതിന്റെ ഭാഗമായിരുന്നു. അന്ന് ...യ വി.എസ്. ഇന്ന് മുഖ്യമന്ത്രിക്കസേരയിലെത്തുന്നു.

...ാത്രമല്ല തൊഴിലാളി വര്‍ഗവുമായുള്ള വി.എസ്സിന്റെ ...ിലാളികളെ സംഘടിപ്പിക്കാന്‍ പാര്‍ട്ടി നിയോഗിച്ചത് ... ശേഷം 1960 വരെ ട്രേഡ്‌യൂണിയന്‍ ...നം. കയര്‍-കര്‍ഷക തൊഴിലാളികളുടെ ജീവിതദുഃഖങ്ങള്‍ ...തിട്ടുണ്ട്.

## ...ട

**വി.**എസ്. എന്ന് അനുയായികള്‍ വിളിക്കുന്ന ...വെന്തലത്തറ ശങ്കരന്‍ അച്യുതാനന്ദന് വയസ്സ് 83. ...പ്രായം തളര്‍ത്താത്ത മനസ്സും ശരീരവുമായി ഇന്നും ...വി.എസ്. രാഷ്ട്രീയത്തില്‍ സജീവം.

നീണ്ട യാത്രകൾ, യോഗങ്ങളിൽ കുറഞ്ഞത്‌ ഒരു മണിക്കൂറെങ്കിലും നീളുന്ന പ്രസംഗം. ഇതൊക്കെ വി.എസ്സിൻെറ നിത്യജീവിതത്തിൻെറ ഭാഗമാണ്‌ ഇന്നും. മതികെട്ടാൻ മലകയറിയും പൂയംകുട്ടി വനാന്തരങ്ങൾ കാൽനടയായി താണ്ടിയും ഈ പ്രായത്തിലും ജനകീയ പ്രശ്നങ്ങൾ തേടി വി.എസ്‌. എത്തിയിട്ടുണ്ട്‌.

പണ്ട്‌ വി.എസ്‌. വലിയ പുകവലിക്കാരനായിരുന്നു. ശരിക്കും പറഞ്ഞാൽ 'ചെയിൻ സ്മോക്കർ.' ബീഡിയും സിഗരറ്റും ഇഷ്ടംപോലെ വലിക്കുമായിരുന്നു. 40-ാം വയസ്സിൽ ഒരു പനി വന്നു. പിന്നെ ആസ്ത്‌മയുടെ ലക്ഷണം. പുകവലി നിർത്താൻ ഡോക്ടറുടെ ഉപദേശം. അക്ഷരംപ്രതി അനുസരിച്ചു. പിന്നെ പുകവലിച്ചിട്ടില്ല.

കഴിഞ്ഞ 33 വർഷമായി ചായ, കാപ്പി, പാൽ എന്നിവ വർജിച്ചിരിക്കുന്നു. ദാഹിക്കുമ്പോൾ ചൂട്‌ജീരകവെള്ളമോ ചുക്കുവെള്ളമോ ആണ്‌ പഥ്യം. അല്ലെങ്കിൽ കരിക്കിൻ വെള്ളം. 60 വയസ്സുവരെ വലിയ ഭക്ഷണപ്രിയനായിരുന്നു. തിരിച്ച്‌ കടിക്കാത്തത്‌ എന്തും കഴിക്കും. വലിയ മാംസാഹാര പ്രിയനായിരുന്നു. തടി 90 കിലോ കവിഞ്ഞ കാലമുണ്ടായിരുന്നു.

60 വയസ്സ്‌ കഴിഞ്ഞപ്പോൾ ഭക്ഷണം ക്രമീകരിച്ചു. ശുദ്ധവെജിറ്റേറിയനായി. രാവിലെ രണ്ടോ മൂന്നോ ഇഡ്‌ഡലിയോ ദോശയോ മതി. എണ്ണ ഒഴിവാക്കിയ പച്ചക്കറികളുമായി ഏഴെട്ട്‌ പിടി ചോറാണ്‌ ഉച്ചഭക്ഷണം. വൈകിട്ട്‌ 6 മണിക്ക്‌ എണ്ണമയമില്ലാത്ത രണ്ട്‌ ചപ്പാത്തി മതി. പിന്നെ അത്താഴമില്ല. വർഷങ്ങൾ നീണ്ട ഭക്ഷണക്രമത്തിലൂടെ 25 കിലോയോളം ശരീരഭാരം കുറച്ചു. ഇപ്പോൾ 65 കിലോയേയുള്ളൂ.

രാവിലെ മുക്കാൽ മണിക്കൂർ നടപ്പ്‌ നിർബന്ധം. പിന്നെ ഒരു മണിക്കൂർ യോഗാഭ്യാസം. ഇത്‌ അടുത്ത കാലത്ത്‌ തുടങ്ങിയതാണ്‌. രാത്രി കിടന്നുറങ്ങുന്നതിന്‌ മുമ്പ്‌ ഉപ്പ്‌വെള്ളത്തിൽ ഒരു കുളി. പിന്നെ നല്ല വെള്ളത്തിൽ കുളിച്ച്‌ ഉറക്കം. വീട്ടിലാണെങ്കിൽ കാഞ്ഞിരത്തടികൊണ്ടുള്ള കട്ടിലിൽ മെത്തയോ പായയോ വിരിക്കാതെയാണ്‌ ഉറക്കം. ആരോഗ്യത്തിന്‌ ഇത്‌ ഉത്തമമാണെന്നാണ്‌ ആയുർവേദമതം.

## വി.എസ്സിനൊപ്പം മലമ്പുഴയും ചരിത്രത്താളിലേക്ക്‌

പാലക്കാട്‌: വി.എസ്‌. അച്യുതാനന്ദൻ കേരളത്തിൻെറ മുഖ്യമന്ത്രിയാവുമ്പോൾ അദ്ദേഹത്തോടൊപ്പം മലമ്പുഴ മണ്ഡലവും ചരിത്രത്താളുകളിൽ സ്ഥാനം പിടിക്കുന്നു. രണ്ട്‌ മുഖ്യമന്ത്രിമാരെ തിരഞ്ഞെടുത്തയയ്ക്കാൻ കഴിഞ്ഞ ഏക നിയമസഭാമണ്ഡലമെന്ന ചരിത്രവും ഭാഗ്യവും ബഹുമതിയുമാണ്‌ മലമ്പുഴ സ്വന്തമാക്കുന്നത്‌.

എന്നും ചുവപ്പണിഞ്ഞിട്ടുള്ള മലമ്പുഴ മണ്ഡലത്തിൽ ആദ്യമായി മുഖ്യമന്ത്രിയെ ലഭിക്കുന്നത്‌ 1980ലാണ്‌.

മലമ്പുഴ മണ്ഡലത്തിൽനിന്ന്‌ 15557 വോട്ടിൻെറ ഭൂരിപക്ഷത്തിൽ ജയിച്ച ഇ.കെ. നായനാർ 1980 ജനവരിയിലാണ്‌ കേരളത്തിൻെറ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്‌. തുടർന്ന്‌ 1982 ൽ ഒരിക്കൽക്കൂടി അദ്ദേഹം മലമ്പുഴയിൽനിന്ന്‌ തിരഞ്ഞെടുക്കപ്പെട്ടെങ്കിലും മുഖ്യമന്ത്രിപദം ലഭിച്ചില്ല. നായനാർ പിന്നീട്‌ മലമ്പുഴയിൽനിന്ന്‌ തൃക്കരിപ്പൂർ മണ്ഡലത്തെ വരിക്കുകയും ചെയ്തു. ടി. ശിവദാസമേനോനാണ്‌ മലമ്പുഴയെ തുടർച്ചയായി മൂന്നുതവണ പ്രതിനിധാനം ചെയ്തത്‌. രണ്ടുതവണ അദ്ദേഹം മന്ത്രിയാവുകയും ചെയ്തു. 1987 ലും 1996 ലും.

2001 ൽ സുരക്ഷിതമണ്ഡലം തേടി വി.എസ്. അച്യുതാനന്ദൻ മലമ്പുഴയിലെത്തി.

ഇപ്പോൾ അഞ്ചുവർഷത്തിനുശേഷം മലമ്പുഴയുടെ പ്രതിനിധി കേരളത്തിന്റെ മുഖ്യമന്ത്രിയാവുമ്പോൾ മലമ്പുഴ കേരളചരിത്രത്തിലെ വി.വി.ഐ.പി. മണ്ഡലമാവുകയാണ്. രണ്ട് മുഖ്യമന്ത്രിമാരെ സൃഷ്ടിക്കാൻ കഴിഞ്ഞ മറ്റൊരു മണ്ഡലവും കേരളത്തിൽ ഇന്നോളമുണ്ടായിട്ടില്ലെന്നതുതന്നെ കാരണം.

## വിവാഹ ചിന്ത 40-ാം വയസ്സിൽ

**വി**വാഹം കഴിക്കാൻ മറന്നുപോയ വി.എസ്. അതോർത്തത് 40-ാം വയസ്സിൽ. ഇതിനു കാരണമായത് ആർ. സുഗതന്റെ അനുഭവം.മുഴുവൻസമയ രാഷ്ട്രീയജീവിതത്തിനിടയിൽ വി.എസ്. വിവാഹത്തെക്കുറിച്ച് ആലോചിച്ചിട്ടില്ലായിരുന്നു. കൂടെ പ്രവർത്തിക്കുന്ന ആർ.സുഗതനും സി. കണ്ണനുമൊക്കെ അവിവാഹിതരായിരുന്നു.

ഒരിക്കൽ സുഗതൻ സുഖമില്ലാതെ കിടന്നപ്പോൾ പാർട്ടി പ്രവർത്തകരാണ് ശുശ്രൂഷിക്കാൻ നിന്നത്. മൂത്രപ്പുരയിൽ പോവാൻ പോലും പരസഹായം വേണ്ടിവന്നു. ഇതിനെല്ലാം പ്രവർത്തകരെ ആശ്രയിക്കേണ്ടി വരുന്നത് ബുദ്ധിയല്ലെന്ന ചിന്തയായി. ഒപ്പം, വിവാഹം കഴിക്കാൻ സഹോദരി ആഴിക്കുട്ടിയുടെ നിർബന്ധവും.

ആലപ്പുഴ മെഡിക്കൽ കോളേജ് ആസ്പത്രിയിലെ സ്റ്റാഫ് നഴ്സായിരുന്ന വസുമതിയാണ് വി.എസ്സിന്റെ ജീവിത സഖിയായത്. സി.പി.എമ്മിനോട് ആഭിമുഖ്യമുള്ള കേരളാ ഗവ. നഴ്സസ് യൂണിയന്റെ നേതാവായിരുന്നു വസുമതി.വസുമതിയുടെ ശമ്പളം കൊണ്ടാണ് വീട്ടുകാര്യങ്ങൾ അക്കാലത്ത് നടന്നുപോയതെന്ന് വി.എസ്.ഓർക്കുന്നു.

## വി.എസ്സിന്റെ കുടുംബം



*കുടുംബചിത്രം: വി.എസ്, ഭാര്യ വസുമതി, (പിന്നിൽ ഇടത്തു നിന്ന്) മരുമകൻ ഡോ. തങ്കരാജ്,മകൾ ഡോ. ആശ, മരുമകൾ രജനിബാലചന്ദ്രൻ,മകൻഅരുൺ,പേരകുട്ടികളായ അച്ചു,ആതിര, അർജുൻ എന്നിവർ*

**ഭാ**ര്യ വസുമതി 15 വർഷംമുമ്പ് ആലപ്പുഴ മെഡിക്കൽകോളേജാസ്പത്രിയിൽ നിന്ന് ഹെഡ് നഴ്സായി വിരമിച്ചു. മകൻ അരുൺ ഐ.എച്ച്.ആർ.ഡി. അസി. ഡയറക്ടറാണ്. മരുമകൾ ഡോ. രജനി തിരുവനന്തപുരം മെഡിക്കൽകോളേജിലെ ട്യൂട്ടർ. മകൾ ഡോ. ആശ തിരുവനന്തപുരത്തെ രാജീവ്ഗാന്ധി സെന്റർഫോർ ബയോടെക്നോളജിയിൽ ശാസ്ത്രജ്ഞയാണ്. ആശയുടെ ഭർത്താവ് ഡോ. തങ്കരാജ് തിരുവനന്തപുരം ജനറൽ ആസ്പത്രിയിൽ സർജൻ.

## സി.പി.എമ്മിന് ജന്മം നല്കിയ ഒരാൾ

**സി.**പി.എമ്മിന് ജന്മം നല്കിയ പ്രധാനികളിൽ കേരളത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഏക വ്യക്തിയാണ് വി.എസ്.അച്യുതാനന്ദൻ.ആശയസംഘട്ടനത്തിന്റെ പേരിൽ 1964 ൽ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ ദേശീയ കൗൺസിൽ യോഗത്തിൽ നിന്ന് ഇറങ്ങിപ്പോന്ന 32 പേരിൽ വി.എസ്സും ഉണ്ടായിരുന്നു. ഇ.എം.എസ്., എ.കെ.ജി., സുന്ദരയ്യ, രണദിവെ തുടങ്ങിയ നേതാക്കൾക്കൊപ്പം ആണ് വി.എസ്. ഇറങ്ങിപ്പോന്നത്. ഇവർ ചേർന്നാണ് സി.പി.എമ്മിന് രൂപം നല്കിയത്.

കമ്യൂണിസ്റ്റ് പാർട്ടിയിൽ 66 വർഷത്തെ സുദീർഘ പ്രവർത്തന പാരമ്പര്യം വി.എസ്സിനുണ്ട്. 1940ൽ പാർട്ടി അംഗം. 1954 ൽ 23-ാം വയസ്സിൽ പാർട്ടി തിരു-കൊച്ചി സംസ്ഥാന കമ്മിറ്റിയംഗമായി. 56 ൽ കേരള ഘടകം നിലവിൽ വന്നപ്പോൾ മുതൽ ഇന്നോളം സംസ്ഥാന സെക്രട്ടേറിയറ്റംഗം.



1957 ൽ വി.എസ്. പാർട്ടി ആലപ്പുഴ ജില്ലാ ഘടകത്തിന്റെ ചുമതല വഹിക്കുമ്പോഴായിരുന്നു കേരള സംസ്ഥാനം രൂപീകൃതമായ ശേഷം ആദ്യത്തെ നിയമസഭാ തിരഞ്ഞെടുപ്പ്. അന്ന് കമ്യൂണിസ്റ്റ് പാർട്ടി 60 അംഗങ്ങളെ നിയമസഭയിലേക്കയച്ചപ്പോൾ ആലപ്പുഴ ജില്ലയിൽ നിന്ന് ഒമ്പതു പേരാണ് ജയിച്ചുകയറിയത്. ഏറ്റവും കൂടുതൽ എം.എൽ.എ.മാരെ ജയിപ്പിച്ചതിന് ആലപ്പുഴ ഘടകത്തിന് അന്നത്തെ അഖിലേന്ത്യാ സെക്രട്ടറി അജയഘോഷിൽ നിന്നു വരെ അനുമോദനം കിട്ടി.1964 ൽ സി.പി.എം. രൂപീകൃതമായപ്പോൾ കേന്ദ്രക്കമ്മിറ്റിയംഗമായ വി.എസ്. 1980 ൽ സംസ്ഥാന സെക്രട്ടറിയായി. 86 മുതൽ പോളിറ്റ് ബ്യൂറോ അംഗം.87 ൽ ബദൽ രേഖാ വിവാദം സി.പി.എമ്മിനെ പിടിച്ചുകുലുക്കിയപ്പോൾ കാറ്റിലും കോളിലും പെട്ട് ഉലയാതെ സി.പി.എമ്മിനെ നയിച്ചത് വി.എസ്. ആണ്. ഉന്നത ശ്രേണിയിലുള്ള നേതാക്കൾ പോലും ബദൽ രേഖയെ ഒളിഞ്ഞും തെളിഞ്ഞും അനുകൂലിച്ചപ്പോൾ പാർട്ടി ലൈനിൽ ഉറച്ചു നിന്ന് പാർട്ടിക്ക് കെട്ടുറപ്പു നല്കാൻ കഴിഞ്ഞത് വി.എസ്സിന് പരക്കേ പ്രശംസ നേടിക്കൊടുത്തിരുന്നു.''എന്റെ ഏറ്റവും വലിയ ശക്തിയും ദൗർബല്യവും പാർട്ടിയാണ്''-വി.എസ്. എന്നും പറയുന്ന വാക്കുകൾ. പാർട്ടി വിട്ടൊരു ജീവിതം അദ്ദേഹത്തിനില്ല.



## രിച്ചുവന്ന കഥ

താണ് വി.എസ്.അച്യുതാനന്ദൻ ഏറ്റവും കടുത്ത പോലീസ് ച്ചുവെന്ന് കരുതി പോലീസ് അച്യുതാനന്ദന്റെ 'മൃതദേഹം' സംസ്കരിക്കാൻ ഒരുങ്ങിയതാണ്. ഒടുവിൽ അദ്ദേഹത്തിന് രണ്ടാം ജന്മം നൽകിയത് ഒരു മോഷ്ടാവ്.വി.എസ്സിന്റെ സമര ചരിത്രത്തിലെ ജ്വലിക്കുന്ന ഏടാണ് ഈ സംഭവം. സംഭവം ഇപ്രകാരം.

1946 സപ്തംബർ. അച്യുതാനന്ദന് അന്ന് 23 വയസ്സ്. പുന്നപ്ര-വയലാർ സമരകാലം. 'ദിവാൻ ഭരണം അറബിക്കടലിൽ' എന്ന

മുദ്രാവാക്യവുമായി പുന്നപ്രയിലും വയലാറിലും സമരാവേശം കത്തി നിൽക്കുകയാണ്. സമരസേനാനികളെ പരിശീലിപ്പിക്കുന്ന അമ്പലപ്പുഴ ഭാഗത്തെ ക്യാമ്പുകളുടെ ചുമതല അച്യുതാനന്ദനാണ്. ആലപ്പുഴ ആലിശ്ശേരി മൈതാനത്ത് പ്രസംഗിച്ചതിന്റെ പേരിൽ എം.എൻ.ഗോവിന്ദൻ നായർ, ടി.വി.തോമസ്, വർഗീസ് വൈദ്യൻ എന്നിവർക്കൊപ്പം അച്യുതാനന്ദനും അറസ്റ്റ് വാറണ്ട്. തുടർന്ന് ഒളിവിൽ പോയി. പൂഞ്ഞാറിൽ ഒരു ബീഡിത്തൊഴിലാളിയുടെ വീട്ടിലായിരുന്നു ഒളിവ് ജീവിതം. ഒളിവിൽ കഴിയുന്നയാൾ പുന്നപ്ര പോലീസ് സ്റ്റേഷൻ ആക്രമണക്കേസുമയി ബന്ധപ്പെട്ട ആളാണെന്ന് ആരോ ഒറ്റുകൊടുത്തു. അച്യുതാനന്ദനെ പോലീസ് പിടികൂടി. ഈരാറ്റുപേട്ട ഔട്ട് പോസ്റ്റിലും പാലാ സ്റ്റേഷനിലും കൊണ്ടുവന്നു.

പിന്നെ കടുത്ത മർദ്ദനമായിരുന്നു. ലോക്കപ്പിന് പുറത്തേക്ക് ഇരുമ്പഴികൾക്കിടയിലൂടെ രണ്ടുകാലും പുറത്തേക്ക് ഇടുവിക്കും.രണ്ടു ലാത്തികൾ മുകളിലും താഴേയുമായി കൂട്ടിക്കെട്ടി കാൽവെള്ളയിൽ ചൂരൽ കൊണ്ട് അടിക്കും. നേതാക്കളുടെ ഒളിത്താവളങ്ങൾ പറഞ്ഞുകൊടുക്കണമെന്നതാണ് പോലീസിന്റെ ആവശ്യം. അച്യുതാനന്ദൻ വഴങ്ങിയില്ല. അടികൊണ്ട് കാൽ മരവിച്ച് കുറെ സമയം അബോധാവസ്ഥയിലാവും. ഇടിയൻ നാരായണ പിള്ള എന്നയാളായിരുന്നു ഇൻസ്പെക്ടർ. ബൂട്ടിട്ട് ക്രൂരമായി തൊഴിക്കും. തൊഴിയേറ്റ് മൂത്രംപോവാതായി. ഇതിനിടെ ഒരു പോലീസുകാരൻ തോക്കിന്റെ ബയണറ്റ് കാലിൽ കുത്തിക്കയറ്റി. ചുടുചോര ചീറ്റി. ബോധരഹിതനായ അച്യുതാനന്ദൻ മരിച്ചുവെന്നാണ് എല്ലാവരും കരുതിയത്. 'മൃതദേഹം' കൊണ്ടുചെന്ന് കാട്ടിൽ കളയാൻ ഇടിയൻ നാരായണ പിള്ള ഉത്തരവിട്ടു. കാട്ടിൽ എവിടെയെങ്കിലും കുഴിച്ചിടുകയായിരുന്നു ഉദ്ദേശ്യം. 'മൃതദേഹം' ജീപ്പിൽ കയറ്റി. ഒപ്പം ലോക്കപ്പിലുണ്ടായിരുന്ന കോലപ്പൻ എന്ന മോഷ്ടാവിനെ പോലീസ് സഹായിയായി കൂട്ടി. കോലപ്പൻ പോലീസുമായി 'സൗഹൃദ'മുള്ള ഒരു കള്ളനായിരുന്നു. ജീപ്പ് നീങ്ങിയപ്പോൾ കോലപ്പന്റെ നിർബന്ധത്തിനു വഴങ്ങി പോലീസ് ജീപ്പ് പാലാ ആസ്പത്രി വഴി വിടാമെന്ന് ഏറ്റു. പാലാ ആസ്പത്രിയിലെ ഡോക്ടർമാർ പരിശോധനയിൽ ശരീരത്തിൽ ജീവന്റെ തുടിപ്പുണ്ടെന്ന് കണ്ടെത്തി. രണ്ടാംദിവസമാണ് ബോധം വീണത്.

കമ്യൂണിസ്റ്റ്പാർട്ടിയുടെ നിരോധന കാലത്ത് ആലപ്പുഴ സബ്ജയിലിലും അച്യുതാനന്ദൻ കടുത്ത മർദനത്തിന് ഇരയായിട്ടുണ്ട്. ഇനി ഇടിച്ചാൽ ചത്തുപോവുമെന്ന നിലവരെ മർദനം തുടർന്നു. ഇതുകണ്ട് കൂടെയുണ്ടായിരുന്ന എം.എൻ.ഗോവിന്ദൻനായർ ഉൾപ്പെടെ ഒരു കള്ളം പറഞ്ഞു. ''ടൈഫോയ്ഡ് ബാധിച്ച് ചികിത്സ കഴിഞ്ഞ് വന്നയാളാണ്. ഇനി ഇടിച്ചാൽ കൊലക്കുറ്റത്തിന് ഉത്തരം പറയേണ്ടി വരും''- ഈ വാക്ക് കേട്ടാണ് ഒ.എം. ഖാദർ എന്ന മർദക വീരൻ ജയിലർ ഇടി നിർത്തിയത്. ഇന്നും അച്യുതാനന്ദന്റെ കാലിൽ ബയണറ്റ് കുത്തിക്കയറ്റിയതിന്റെ പാടുണ്ട്- ഒരു സമരത്തിന്റെ സ്മരണമുദ്രപോലെ.